50/DGE/HSE/NSS/2021


പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
തീയതി : 03.08.2021


## സർക്കുലർ

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 2020–21 ലെ എൻ.എസ്. എസ് സർട്ടിഫിക്കേറ്റിനുവേണ്ടി iExams-DHSE (www.dhsems.kerala.gov.in) വഴി പ്രോഗ്രാം ഓഫീസർമാരാണ് എൻട്രി നടത്തേണ്ടത്.

## പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ


പ്രിൻസിപ്പൽമാർ iExams-DHSE ൽ സ്കൂൾ കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഗ്രേസ് എൻട്രി ഡ്യൂട്ടി അലോക്കേഷനിൽ സെലക്ട് റ്റീച്ചറിൽ പ്രോഗ്രാം ഓഫീസറുടെ പേരും സെലക്ട് ഏജൻസിയിൽ എൻ.എസ്.എസ്.ഉം. സെലക്ട് ചെയ്ത് സേവ് ചെയ്യണം.






ഗ്രേസ് സെലക്ട് ചെയ്ത് എൻ.എസ്.എസ്. ക്യാമ്പ് ഡീറ്റെയിൽസ് സെലക്ട് ചെയ്യണം. 50 വോളണ്ടിയർമാരും ഒരു ക്യാമ്പിലാണ് പങ്കെടുത്തതെങ്കിൽ ആ ക്യാമ്പിന്റെ ഡീറ്റെയിൽസും വോളണ്ടിയർമാരുടെ എണ്ണവും കൊടുക്കണം. സ്കൂൾ ട്രാൻസ്ഫർ മുഖേനയോ ഒന്നാം വർഷം പങ്കെടുക്കാൻ സാധിക്കാതെ രണ്ടാം വർഷം പങ്കെടുത്ത വോളണ്ടിയർമാരോ ഉണ്ടെങ്കിൽ ആ ക്യാമ്പിന്റെ ഡീറ്റെയിൽസ് Add New ബട്ടൺ അമർത്തി നൽകേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ സർട്ടിഫിക്കേറ്റ് എൻട്രി നടത്തിയതിനുശേഷം




പ്രിൻസിപ്പൽ iEexams-DHSE ൽ ഗ്രേസ് സെലക്ട് ചെയ്ത് NSS Cert Data Verification സെലക്ട് ചെയ്ത് വെരിഫൈ ചെയ്താൽ മാത്രമേ സർട്ടിഫിക്കേറ്റ് എൻട്രി പൂർത്തിയാകുകയുള്ളൂ.

NSS Cert എൻട്രി NSS cell ൽ നൽകിയ അഫിഡവിറ്റുമായി പരിശോധിക്കുമ്പോൾ തെറ്റായി എൻട്രി നടത്തിയതായി ശ്രദ്ധയിൽപെട്ടാൽ Rejection list ൽ ഉൾപ്പെടും. തെറ്റായി എൻട്രി നടത്തിയത് വീണ്ടും പ്രോഗ്രാം ഓഫീസർ ശരിയാക്കി പ്രിൻസിപ്പൽ വെരിഫൈ ചെയ്ത് എൻ.എസ്.എസ്. സെൽ അംഗീകരിച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ആയതിനാൽ സർട്ടിഫിക്കറ്റ് എൻട്രി ചെയ്യുമ്പോൾ രജിസ്റ്റർ നമ്പരും പേരും ശരിയാണെന്ന് ഉറപ്പുവരുത്തിയതു മാത്രമേ പ്രിൻസിപ്പാൾ വെരിഫൈ ചെയ്യാൻ പാടുള്ളൂ.

## പ്രോഗ്രാം ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ

പ്രിൻസിപ്പൽമാർ ഗ്രേസ് എൻട്രി അലോക്കേഷൻ ചെയ്തു കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസറുടെ PEN Number ഉപയോഗിച്ച് iExams-DHSE ൽ എൻട്രി നടത്തേണ്ടതാണ്.

NSS Cert Data Entry സെലക്ട് ചെയ്ത് Add New കൊടുത്ത് രജിസ്റ്റർ ചെയ്യുമ്പോൾ വോളണ്ടിയറുടെ പേര് കാണാൻ സാധിക്കും. പേരും ഇനിഷ്യലും രജിസ്റ്റർ നമ്പരും ശരിയാണെന്ന് ഉറപ്പുവരുത്തിയശേഷം ഏജൻസിയിൽ എൻ.എസ്.എസ്. സെലക്ട് ചെയ്യണം. ഐറ്റത്തിൽ എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് സെലക്ട് ചെയ്യണം. തുടർന്ന് NSS Camp Venue ഉം സെലക്ട് ചെയ്യണം. ഇതേ രീതിയിൽ എല്ലാ വോളണ്ടിയർമാരുടെയും (Add New എന്റർ ചെയ്ത്) ഡീറ്റെയിൽസ് എന്റർ ചെയ്യണം.

പ്രോഗ്രാം ഓഫീസർ സർട്ടിഫിക്കേറ്റ് എൻട്രി പൂർത്തീകരിച്ചശേഷം പ്രിൻസിപ്പൽ iExams-DHSE ൽ NSS Cert Data വെരിഫൈ ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനുവേണ്ടി ആഗസ്റ്റ് 8 നകം എൻട്രിയും വെരിഫിക്കേഷനും പൂർത്തിയാക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ

പ്രോഗ്രാം കോഡിനേറ്റർ